JETIR.ORG ISSN: 2349-5162 | ESTD Year : 2014 | Monthly Issue
JOURNAL OF EMERGING TECHNOLOGIES AND INNOVATIVE RESEARCH (JETIR)
An International Scholarly Open Access, Peer-reviewed, Refereed Journal

# കാസർകോട്ടെ ഇസ്ലാമിക് വുമൺ ഫോക്‌ലോർ

**ഫാത്തിമത്ത് റംഷീല സി.എച്ച്**

ഗവേഷക, മലയാളവിഭാഗം

കേരള കേന്ദ്ര സർവ്വകലാശാല

കാസർകോട്

**പ്രബന്ധസംഗ്രഹം**: കേരളീയ സാംസ്കാരിക പരിസരത്തിൽ എന്നും അതിന്റെ തനിമ തിരിച്ചറിയാൻ സാധിക്കുന്ന ഉപാദാനങ്ങളാണ് നാടൻ സംസ്കൃതി എന്നുള്ളത്. അതുകൊണ്ടുതന്നെ ഒരു നാടിന്റെ സാംസ്കാരിക പശ്ചാത്തലവും പാരമ്പര്യവും ഉൾക്കൊള്ളുന്ന ഫോക് ലോർ പഠനം ആധുനിക പശ്ചാത്തലത്തിൽ വളരെ പ്രസക്തമായ ഒരു കാര്യമാണ്. കേരളത്തിന്റെ വടക്കേ അറ്റത്തു സ്ഥിതി ചെയ്യുകയും സാമൂഹികപരമായും ഭാഷാ പരമായും മറ്റു ജില്ലകളിൽ നിന്നും വ്യതിരിക്തത പുലർത്തുകയും ചെയ്യുന്ന കസറഗോഡിലെ മുസ്ലിം വുമൺ ഫോക് ലോർ ആണ് പഠനമേഖല. ആചാരവിശ്വാസങ്ങൾ കൊണ്ട് വേറിട്ട സംസ്കാരം നിലനിർത്തുന്ന മുസ്ലിം സമുദായത്തിൽ എങ്ങനെയാണ് കാസറഗോഡിലെ പൈതൃകം സ്വാംശീകരിച്ചത് എന്നു പരിശോധിക്കുകയാണിവിടെ. അതിനായി കസറഗോഡിലെ മുസ്ലിം സ്ത്രീകൾക്കിടയിലുള്ള നാട്ടു ഭാഷാ പ്രയോഗങ്ങളും ശൈലിയും അതോടൊപ്പം നാട്ടുപാട്ടുകളും പഠനവിധേയമാക്കിയിട്ടുണ്ട്.

**സൂചിക**: മുസ്ലിം വുമൺ ഫോക് ലോർ, കാസറഗോഡ്, മാപ്പിള ഭാഷ

കേരളത്തിന്റെ ഏറ്റവും വടക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന കാസറഗോഡ് ജില്ല 1984 മെയ് 24 ന് രൂപീകൃതമായി. വ്യത്യസ്ത സംസ്കാരങ്ങളാൽ സമന്വിതമായ കാസറഗോഡ് തൊട്ടടുത്ത സംസ്ഥാനമായ കർണാടകത്തിനോടും അതിർത്തി പങ്കിടുന്നു. മലയാളത്തെ കൂടാതെ കന്നടയും മാതൃഭാഷയായുള്ള കാസറഗോഡ് തുളു, കൊങ്ങിണി, മറാത്തി, ബ്യാരി, ഉറുദു തുടങ്ങി നിരവധി ഭാഷകളുടെ സംഗമഭൂമി

കൂടിയാണ്. ഇതര ഭാഷാ സമ്പർക്കത്താൽ നിരവധി പ്രാദേശിക ഭാഷാഭേദങ്ങളും ഇവിട നിലനിൽക്കുന്നു. സാംസ്കാരികവും സാമൂഹികവുമായി പ്രത്യേകതകൾ നിറഞ്ഞ പ്രദേശം ഒട്ടനവധി നാട്ടറിവുകൾ കൊണ്ടും സമ്പന്നമാണ് എന്നത് കാസറഗോഡിനെ ഏറെ വ്യത്യസ്തമാക്കുന്നു.

സമകാലിക ജ്ഞാനവ്യവഹാരങ്ങളിൽ ജനപ്രീതിയാർജ്ജിച്ച സംസ്കാര പഠനത്തിന്റെ ഭാഗം തന്നെയാണ് ഫോക് ലോർ പഠനം. ജനതയുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും നാട്ടറിവുകളെയും ഇതര ജീവിത ഘടകങ്ങളേയും സ്വാംശീകരിക്കുന്ന ഫോക് ലോർ പഠനം യഥാർത്ഥത്തിൽ ഒരു സംസ്കാരത്തിന്റെ പ്രതിഫലനമാകുന്നു. ഫോക് ലോർ പഠനങ്ങളിൽ വ്യത്യസ്ത അറിവുകൾ തിരിക്കുന്ന സമയത്ത് അവ ദേശപരമായും സാമുദായികപരമായും അതുപോലെ ലിംഗപരമായും വേറിട്ടുനിൽക്കുന്നതോടൊപ്പം തന്നെ പല പ്രത്യേകതകളും ഉൾക്കൊള്ളുന്നതായി കാണാം.

ഏകദൈവമായ അള്ളാഹുവിലും, മതത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ ഖുർആനിലും അതുപോലെ പ്രവാചകനായ മുഹമ്മദ് നബിയുടെ ചര്യയും മൗനാനുവാദങ്ങളുമായ 'ഹദീസു'കളിലും വിശ്വാസം അർപ്പിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരാണ് മുസ്ലിം ജനവിഭാഗം. ഈ വിഭാഗത്തിനിടയിലേക്ക് ഇതര സംസ്കാരങ്ങളുടെ സാംശീകരണത്തിലൂടെയുണ്ടായ ആചാരങ്ങളെയും വിശ്വാസങ്ങളെയും അറിവുകളെയുമാണ് 'മാപ്പിളഫോക് ലോർ' എന്നു പറയുന്നത്. ഭൗമികമായും പ്രകൃതിപരമായും മറ്റു പ്രദേശങ്ങളിൽ നിന്നും വ്യതിരിക്തത പുലർത്തുന്ന കാസറഗോഡിലെ മാപ്പിളഫോക്ലോറും ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ദേശത്തിന്റെയും സമുദായത്തിന്റെയും ചരിത്രം വ്യക്തമാക്കുന്നതോടൊപ്പം തന്നെ സാംസ്കാരിക തനിമ പുലർത്തുന്ന 'മാപ്പിളഫോക് ലോറി'ന്റെ ഉപവിഭാഗമാണ് 'ഇസ്ലാമിക വുമൺഫോക്ലോർ'. സ്ത്രീ ഭാഗമാകുന്ന ഇത്തരം ഫോക് ലോർജീവിതങ്ങളിൽ പലതും താളുകളിലോ ആളുകളിലോ രേഖപ്പെടുത്താതെ സൂചനകൾ മാത്രം വച്ചു കൊണ്ട് സംവാദകനൊപ്പം മണ്ണിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. അവശേഷിക്കുന്നവയിലെ നാട്ടു ഭാഷാ പ്രയോഗങ്ങളും ശൈലിയും അതുപോലെ നാടൻ തനിമ നിലനിർത്തുന്ന പാട്ടുകളും ആവേദകരിലൂടെ കണ്ടെത്തുകയാണ് ഇവിടെ.

നാട്ടു ഭാഷാ പ്രയോഗങ്ങളും ശൈലിയും

ജനതയുടെ സ്വത്വത്തെ തിരിച്ചറിയാനുള്ള ഉത്തമ ഉപാധിയാണ് ഭാഷ. 'ഒരു പ്രത്യേക ജനവിഭാഗം ആശയവിനിമയാർത്ഥം ഉപയോഗിക്കുന്നതും ആശയവുമായി വെറും താൽക്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണശബ്ദങ്ങളുടെ രൂപഘടനയോട് കൂടിയ അഭ്യസ്തവൃത്തിയാണ് ഭാഷ' (പ്രഭാകരവാര്യർ കെ എം). ഭാഷാ വൈവിധ്യങ്ങളുടെ കാര്യത്തിൽ ഒരു ജനതയുടെ സംസ്കാരവും അതുപോലെ സംസ്കാര രൂപീകരണത്തിൽ ഒരു ജനതയുടെ ഭാഷയും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. മാപ്പിള ഭാഷയുടെ കാര്യവും അത്തരത്തിൽ തന്നെയാണ്. നൂറ്റാണ്ടുകളുടെ സംസ്കാരസങ്കലനമാണ് മാപ്പിള ഭാഷയേയും രൂപപ്പെടുത്തിയത്. കേരള തീരത്ത് കച്ചവടത്തിനെത്തിയ അറബികളുമായുള്ള സമ്പർക്കം, മധ്യകാലഘട്ടത്തിലെ ഇസ്ലാമിക പ്രചാരം, പുതുവിശ്വാസങ്ങൾക്കാവശ്യമായ ഭാഷാക്രമീകരണം, ഇവയൊക്കെയും 'മാപ്പിളഭാഷ' രൂപപ്പെടുത്തുന്നതിനു പ്രചോദനമായി. അറബി - മലയാള പദങ്ങൾ ഇടകലർന്നു രൂപഭേദം വന്ന ഒരു സങ്കരഭാഷ അങ്ങനെ രൂപപ്പെടുകയായിരുന്നു. കാലക്രമത്തിൽ പേഴ്സ്യൻ, തമിഴ്, കന്നട, തെലുങ്ക്, സംസ്കൃതം തുടങ്ങിയ ഭാഷകളുടെ പദപ്രയോഗങ്ങളും മാപ്പിളഭാഷ മിശ്രണത്തിനു സഹായകമായി. കാസർഗോഡ് മലയാളവും ഇത്തരം ഭാഷകളുടെ മിശ്രണമാണ്.

എൽസാറ - തട്ടം

ചട്ട - വസ്ത്രം

മുണ്ടുമക്കന - നിസ്കാരക്കുപ്പായം

ഈറ്റിഞ്ഞ - പ്രസവ ശുശ്രൂഷ

തുളുവിനോടടുത്തു നിൽക്കുന്ന മാപ്പിളഭാഷയാണ് 'ബ്യാരി'. അതിലെ ചില പദങ്ങളാണിവ. ജില്ലയുടെ വടക്കു ഭാഗമായ മടിക്കേരിയിൽ ഉപയോഗിക്കുന്ന 'ബ്യാരി' ഏതെങ്കിലും ഒരു മതത്തിന്റെ ഭാഷയല്ല. എന്നാൽ തുളുവിന്റെയും മാപ്പിളമാരുടെയും സംസ്കാരം അടിഞ്ഞുകൂടുകയും മുസ്ലിം സ്ത്രീകൾക്കിടയിലൂടെ ഇത്തരം പദങ്ങൾ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ആൾക്ക് ഓരോന്നാമ്പോ പാത്തക്ക് പത്ത് - ഒരാളുടെ സമ്പാദ്യം പത്ത് ആളുകളുടെ ജീവിതം.

മണ്ണിനെയും പെണ്ണിനെയും ചേലാക്കാം.

പെണ്ണിനു ചട്ട പോലെയാണ് കണ്ണിനു മൈ.

ശീലത്തിൽ നിന്നും ജനിക്കുന്ന ഇത്തരം ശൈലികൾ കാസർഗോഡിലെ മുസ്ലിം സ്ത്രീകൾക്കിടയിൽ നമുക്ക് കാണുവാൻ സാധിക്കും. ഒരാളുടെ മനോഘടനയുടെ സാമാന്യ പ്രവർത്തനത്തെയും ഒരാൾക്ക് മറ്റൊരാളോടുള്ള സമീപനത്തെയും തിരിച്ചറിയാൻ സാധിക്കുന്ന ഉപാധികളാണ് ശൈലിയും പഴഞ്ചൊല്ലുകളും.

മുക്കിൽ ഇരുന്ന ബീപാത്തു മൂന്നു പെറ്റു - പേറെടുക്കാൻ വന്നവർ ഇരട്ടപെറ്റു.

അപ്പം തിന്നാൽ മതി കുഴി എണ്ണണ്ട.

മരംകേറി പെണ്ണിനു നെടുംമാലി മാപ്പിള.

പാത്തൂന് പാത്തുവേ ഉണ്ടാവു - മുള്ളിന് ചുവട്ടിൽ മുള്ളേ മുളക്കൂ.

കോനും കോടയോനും ഇല്ലാതെ - ആണും തൂണും ഇല്ലാതെ.

മുസ്ലിം സ്ത്രീകൾക്കിടയിൽ കാണപ്പെടുന്ന ചില ചൊല്ലുകളാണിവ. സമുദായത്തിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയെയും അതുപോലെതന്നെ മുസ്ലിം സ്ത്രീകൾ ഗൃഹനാഥന് കൽപ്പിക്കുന്ന പ്രാധാന്യവുമെല്ലാം ഈ പഴഞ്ചൊല്ലുകളിലും ശൈലികളിലുമായി കാണാം. അതുപോലെതന്നെ തമിഴ്നാട്ടിൽ വ്യാപകമായി കാണുന്ന അമ്മസങ്കല്പം പോലെ മടിക്കേരിയിൽ പെൺകുട്ടികളെ സംബോധന ചെയ്യുമ്പോൾ ഉമ്മ എന്നു ചേർത്തു 'തന്നറുമ്മ', 'കൊടുത്തറുമ്മ', 'ആയിശുമ്മ' എന്നിങ്ങനെ ഉപയോഗിക്കാറുണ്ട്. സംസ്കാരത്തിന്റെ ഫലപ്രദമായ ആവിഷ്കാരത്തിനും പ്രക്ഷേപനത്തിനും ആവശ്യകരമായ ഭാഷ സാംസ്കാരിക മൂല്യങ്ങളുടെ നിർമ്മാണവും പരിണാമവും എത്തരത്തിൽ സാധ്യമാക്കുന്നു എന്നതിനുള്ള മികച്ച ഉദാഹരണങ്ങളാണ് ഈ ഭാഷാ പ്രത്യേകതകൾ.

**പാട്ടുകൾ**

ഒരു കാലത്ത് ശബ്ദരൂപത്തിൽ എവിടെയും ആലേഖനം ചെയ്യപ്പെടാതിരുന്ന 'മാപ്പിളപ്പാട്ടുകൾ' കേരളീയ മുസ്‌ലിം സമൂഹത്തിന്റെ നൂറ്റാണ്ടുകളുടെ സാംസ്കാരിക ജീവിതം പ്രതിഫലിപ്പിക്കുന്ന കണ്ണാടി തന്നെയാണ്. 'സ്വന്തമായ താളക്രമവും

വൃത്തനിബന്ധനയും പാലിച്ച് മലബാർ മുസ്‌ലിംകളുടെ മൊഴിയിലും അവരുടെ സങ്കല്പങ്ങളിലും ഊന്നി നിൽക്കുന്ന ഭാഷയിൽ രചിക്കപ്പെട്ട പദ്യകൃതികളാണ് മാപ്പിളപ്പാട്ടുകൾ' (എം.എൻ കാരശ്ശേരി, മുഹമ്മദ് അഹമ്മദ് ബി(പ്രൊഫ.), മാപ്പിളഫോക് ലോർ, 2006, സമയം പബ്ലിക്കേഷൻ, പുറം 81). ഭാഷാശൈലി, ഈണം, താളം, വിഷയാവതരണരീതി തുടങ്ങിയവകൊണ്ട് മാപ്പിളപ്പാട്ട് മറ്റു ഗാനങ്ങളിൽ നിന്നും വ്യത്യസ്തതപുലർത്തുന്നു. അത്തരത്തിൽ മാപ്പിളപ്പാട്ടുകളുടെ ഈണത്തിൽ കാസറഗോഡ് മുസ്ലിം സ്ത്രീകൾക്കിടയിൽ ഉള്ള ചില കളിപ്പാട്ടുകൾ ആണ്,

'അരക്കിലോ ബെല്ലോ..ബെല്ലത്തില് കല്ല്

ഉമ്മ എന്നെ തച്...ബസ്സില് കേറി പോയി

ബസ്സിലോരു താത്ത...താത്താന്റെല് പെട്ടി

പെട്ടീലിട്ടു പൂട്ടി... ശ്വാസം മുട്ടി ചത്തു..ലാഇലാഹ ഇല്ലല്ലാഹ് ....'

> 'ഒരു പെണ്ണ് വെയിലത്തുന്നു കൂക്കുന്ന് കൂക്കുന്ന് അവക്കാരുമില്ല..
>
> എണീക്ക് പെണ്ണേ എണീക്ക്
>
> കണ്ണിലെ ബെള്ളം തോർത്ത്
>
> നാല് ബട്ടംതിരി..നിന്റെ ചങ്ങായി ആര്?......എന്നിവ.

'ആശിച്ചതൊക്കെ കൊടുത്തോട്ടെ നമ്മൾ

ആരംഭ മാരനെ കൊണ്ടോട്ടെ

അടിവെച്ചടിവെചെല്ലാരും നടന്നോട്ടെ ,നമ്മൾ

ആരംഭ മാരനെ കൊണ്ടോട്ടെ..'

കല്യാണ പാട്ടിന് ഉദാഹരണമാണ് ഈ വരികൾ.

ഇതുപോലെ മഹാഭക്തന്മാരായി ജീവിക്കുകയും ജനങ്ങളുടെ നന്മക്ക് വേണ്ടി പ്രവർത്തിച്ചു മരിക്കുകയും ചെയ്ത പുണ്യപുരുഷന്മാരുടെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ വിവരിച്ചു കൊണ്ട് പാടുന്ന പാട്ടുകളും ഉണ്ട്. അത്തരത്തിൽ മഹത് വനിതയെ വാഴ്ത്തുന്ന ഒരു പാട്ടാണ്,

'ഇറയോനെ സ്തുതിക്കുന്ന നവരത്ന

മല്ലിക കല്ലൻചിറ നാട്ടിലേ...' എന്നത്.

കുട്ടികൾക്കിടയിലും മുതിർന്നവർക്കിടയിലും ഒരുപോലെ സംവദിക്കുന്ന ഇത്തരം പാട്ടുകൾ കാസറഗോഡ് ഭാഷയുടെ നാടൻ തനിമ വ്യക്തമാക്കുന്നതിന് കാരണമാകുന്നു. ഒരു കാലത്ത് നാടിന്റെ ഈണമായി മാറുകയും പെൺസദസുകളെ ധന്യമാക്കുകയും ചെയ്ത വരികളെ സമ്പാദനം ചെയ്യുവാനാണ് ഇവിടെ ശ്രമിച്ചത്. ഇതിലൂടെ കസറഗോഡിന്റെ സാമൂഹിക ജീവിതപരിസരത്തിൽ സ്വത്വ പ്രതിനിധീകരണമെന്നോണം നിലനിൽക്കുന്ന വുമൺ ഫോക് ലോറിന്റെ ശക്തമായ സാനിധ്യം വ്യക്തമാകുന്നു. പ്രചോദനാത്മകമായും വിമാർശനാത്മകവുമായ സംവാദങ്ങൾക്കും പഠനങ്ങൾക്കും വഴി തുറന്നുതരുന്ന പെൺവാമൊഴി പുനർ വായനയുടെയും പുനർ പഠനത്തിന്റെയും സാധ്യത തുറന്നുതരുന്നു.

സഹായകഗ്രന്ഥങ്ങൾ

1. അജിത് കുമാർ എൻ(ഡോ.),വാമൊഴിയുടെ സൗന്ദര്യ ശാസ്ത്രം, 2007, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

2. മുഹമ്മദ് അഹമ്മദ് ബി(പ്രൊഫ.), കേരളീയത ഫോക്ലോറിൽ, 2015, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ.

3. മുഹമ്മദ് അഹമ്മദ് ബി(പ്രൊഫ.), മാപ്പിളഫോക്‌ലോർ, 2006, സമയം പബ്ലിക്കേഷൻ.

4. മോയിൻ മലയമ്മ ഹുദവി, കാസർകോട് മുസ്ലിംകളുടെ ചരിത്രം, 2008, ദിശ ബുക് സെൽ.

5. രാഘവൻ പയ്യനാട് ഡോ., ഫോക് ലോർ, 2010, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

6. വിഷ്ണുനമ്പൂതിരി എം.വി ഡോ., ഫോക് ലോർ നിഘണ്ടു,2010, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ആവേദക സൂചി

1. ജമീല, 63, കല്ലടക്കുറ്റി, കുണ്ടം കുഴി.
2. നസിയ, 50, ചൗക്കി.
3. ബൽകീസ്, 44, മടിക്കേരി.
4. മറിയം എം.എ, 47, പൊയ്നാച്ചി.